പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2967 **29-10-2026-ൽ മറുപടിയ്ക്ക്**

അധ്യാപക നിയമനങ്ങൾ സംബന്ധിച്ചുള്ള അനശ്ചിതത്വം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാലയങ്ങളിൽ അധ്യാപക തസ്തികകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിയമന അംഗീകാരങ്ങളിൽ അനിശ്ചിതത്വം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

മറുപടി: സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2 023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24/03/2025ലെ സ.ഉ. (കൈ)നം.45/2025/GEDN പ്രകാരം ഉത്തരവായി. നിലവിൽ ജില്ലാതല സമിതികൾ മുഖേനയാണ് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനം നടന്നു വരുന്നത്.

18.02.2026 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.31/2026/പൊ. വി.വ പ്രകാരം എയ്ഡഡ് സ്കൂളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെൻറുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട താത്ക്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിൽ/ ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ചട്ടങ്ങൾ അനുസരിച്ച് നിയമിച്ചവരെ ക്രമീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രശ്നങ്ങൾ ഇല്ല.

എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ്, യഥാസമയം ജില്ലാ സമിതി കൺവീനറായ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ലഭ്യമാകാതെ വരുന്നതിനാൽ ഇപ്പോൾ നടക്കുന്ന മൂന്നാംഘട്ട നിയമന നടപടികൾക്ക് തടസ്സം നേരിടുന്നുണ്ട്. വകുപ്പുതല ചർച്ചകളിലൂടെ പ്രസ്തുത തടസ്സം നീക്കാവുന്നതായതിനാൽ അടിയന്തിരമായ നിയമനിർമ്മാണം ആവശ്യമായി കാണുന്നില്ല.

(ബി) ആയത് പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

മറുപടി: സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2 023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24/03/2025ലെ സ.ഉ. (കൈ)നം.45/2025/GEDN പ്രകാരം ഉത്തരവായി. നിലവിൽ ജില്ലാതല സമിതികൾ മുഖേനയാണ് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനം നടന്നു വരുന്നത്.

18.02.2026 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.31/2026/പൊ. വി.വ പ്രകാരം എയ്ഡഡ് സ്കൂളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെൻറുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട താത്ക്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിൽ/ ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ചട്ടങ്ങൾ അനുസരിച്ച് നിയമിച്ചവരെ ക്രമീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രശ്നങ്ങൾ ഇല്ല.

എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ്, യഥാസമയം ജില്ലാ സമിതി കൺവീനറായ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ലഭ്യമാകാതെ വരുന്നതിനാൽ ഇപ്പോൾ നടക്കുന്ന മൂന്നാംഘട്ട നിയമന നടപടികൾക്ക് തടസ്സം നേരിടുന്നുണ്ട്. വകുപ്പുതല ചർച്ചകളിലൂടെ പ്രസ്തുത തടസ്സം നീക്കാവുന്നതായതിനാൽ അടിയന്തിരമായ നിയമനിർമ്മാണം ആവശ്യമായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ